ആർ.സി.എസ്/297/2020/MT-1

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി :26.02.2020

<u>സർക്കുലർ നമ്പർ: 12/2020</u>

വിഷയം:- സഹകരണ വകുപ്പ് - പത്തനാപുരം, ഇ.എം.എസ് സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ. ക്യൂ.1665 - സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും ഓഹരി സമാഹരിക്കുന്നത് - അനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. സംഘം ഭരണസമിതിയുടെ 27.07.2019 - ലെ 4-ാം നമ്പർ തീരുമാനം.
2. കൊല്ലം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാരുടെ 09.12.2019 - ലെ എച്ച്.എം.9072/2019 നമ്പർ കത്ത്.

പത്തനാപുരം, ഇ.എം.എസ് സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ. ക്യൂ.1665-ന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായും സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് സ്വരൂപിക്കുന്നതിനായി കൊല്ലം ജില്ലയിലെ സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും 'ബി' ക്ലാസ് ഓഹരി സമാഹരിക്കുന്നതിന് അനുമതിക്കായി സംഘം ഭരണസമിതി സൂചന (1) പ്രകാരം തീരുമാനമെടുത്ത് സൂചന (2) പ്രകാരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) വഴി അപേക്ഷിച്ചിരിക്കുന്നു. ടി സംഘത്തിന്റെ ബൈലാ വ്യവസ്ഥ 6(2)1 പ്രകാരം സംഘം പ്രവർത്തന പരിധിയിലെ സഹകരണ സ്ഥാപനങ്ങൾക്ക് 'ബി' ക്ലാസ് ഓഹരി എടുക്കുന്നതിന് വ്യവസ്ഥയുണ്ട്.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള

നിർദ്ദേശപ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുന്നു. സംഘം ഭരണസമിതിയുടെ തീരുമാനം കൊല്ലം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്.

സൂചന (1) തീരുമാനത്തിന്റെയും സൂചന (2) ശുപാർശയുടെയും അടിസ്ഥാനത്തിൽ പത്തനാപുരം, ഇ.എം.എസ് സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ. ക്യൂ.1665 – ന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായും സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി ഫണ്ട് സ്വരൂപിക്കുന്നതിന് കൊല്ലം ജില്ലയിലെ സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള മറ്റ് സഹകരണ സ്ഥാപനങ്ങൾക്ക് അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകളുടെയും ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ 'ബി' ക്ലാസ് ഓഹരി എടുക്കുന്നതിന് അനുമതി നൽകുന്നു.

ഒപ്പ്
ഡോ.പി.കെ.ജയശ്രീ,ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി,
ഇ.എം.എസ് സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ.ക്യൂ.1665
പത്തനാപുരം, കൊല്ലം – 95.

പകർപ്പ്:- 1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൊല്ലം.
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) കൊല്ലം.
3.കരുതൽ ഫയൽ
4.അധികം
5.ഐ.റ്റി സെക്ഷൻ
6.സഹകരണ വീഥി

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(എം.റ്റി.)